(ബി) നാളികേരത്തിന് കുത്തനെയുണ്ടായ വിലയിടിവിന് കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) വില വർദ്ധിപ്പിക്കുവാൻ എന്തൊക്കെ പരിഹാര നിർദ്ദേശങ്ങളാണ് ഗവൺമെൻറ് മുന്നോട്ടു വച്ചിട്ടുള്ളത്, അവ ഓരോന്നും എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായി നിറുത്തൽ ചെയ്യണമെന്നും മറ്റ് സസ്യഎണ്ണകളുടെ ഇറക്കുമതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു മറുപടി ലഭിച്ചു ?

(ഇ) കൊപ്ര ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയെ ബാധിക്കുന്ന ഇറക്കുമതി നടത്തുവാൻ അനുവാദം നൽകുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെൻറുമായി ആലോചിക്കണമെന്ന് സംസ്ഥാനഗവൺമെൻറ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) വർദ്ധിച്ച ഉൽപ്പാദനം, മറ്റ് സസ്യഎണ്ണകളുടെ ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ്, വെളിച്ചെണ്ണ ഭക്ഷ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിനു വന്ന കുറവ് മുതലായവയാണ്. പ്രധാന കാരണങ്ങൾ.

(സി) 1. കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യരുതെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് ഉറപ്പു വാങ്ങുകയും ചെയ്തു.

2. താങ്ങുവില പ്രഖ്യാപിച്ച് കൊപ്രാസംഭരണം നടത്തുന്നതിനു വേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെൻറിന് സമർപ്പിച്ച് അംഗീകാരം വാങ്ങി.

3. ക്വിൻറലിന് 1200 രൂപ മിനിമം വില നിശ്ചയിച്ച് കൊപ്ര സംഭരണം നടത്തിവരുന്നു.

4. പാമോയിൽ വിതരണം നിറുത്തി അതിനുപകരം സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ വിതരണം നടത്തിവരുന്നു.

(ഡി) ഉണ്ട്. വെളിച്ചെണ്ണയോ കൊപ്രയോ ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ല എന്ന് കേന്ദ്രഗവൺമെൻറ് ഉറപ്പു നൽകിയിട്ടുണ്ട്.

(ഇ) ഇറക്കുമതി നടത്തരുതെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

(എഫ്) കൊപ്രയും വെളിച്ചെണ്ണയും ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ല എന്ന് ഉറപ്പു ലഭിച്ചിട്ടുണ്ട്.

പത്രപ്രവർത്തകരുടെ നേരെ നടന്ന പോലീസ് മർദ്ദനം

* 56. [60] ശ്രീ. വി. വി. ജോസഫ് :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പത്രപ്രവർത്തകരെ പോലീസ് മർദ്ദിച്ചതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ പരാതിയിൻമേൽ എത്ര പേരുടെ പേരിൽ ഗവൺമെൻറ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) രണ്ട് പരാതികളിൻമേൽ രണ്ട് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റേഷൻ ഷാപ്പുകൾ മുഖേനയുള്ള വെളിച്ചെണ്ണ വില്പന

* 57. [61] ശ്രീ. കെ. ടി. കുമാരൻ :
,, കെ. മൂസ്സക്കുട്ടി :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, സി. ടി. കൃഷ്ണൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യായവില ഡിപ്പോകൾ വഴി പാം ഓയിലിനു പകരം വെളിച്ചെണ്ണ നൽകാമെന്ന ഗവൺമെൻറ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽക്കാണ് നടപ്പിലാക്കിയത് ;

(സി) സംസ്ഥാനത്തെ എല്ലാ റേഷൻ ഷാപ്പുകൾ മുഖേനയും ഈ വിൽപ്പന നടക്കുന്നുണ്ടോ ;

(ഡി) ഇതിൻപ്രകാരം കാർഡുടമയ്ക്ക് ലഭിക്കുന്ന വെളിച്ചെണ്ണയുടെ അളവ് എത്ര ;

(ഇ) ഈ വെളിച്ചെണ്ണയ്ക്ക് കിലോഗ്രാമിന് എന്തു വിലയാണ് ഈടാക്കിവരുന്നത് ;

(എഫ്) ഇതുവരെ ഇപ്രകാരം എത്ര കിൻറൽ വെളിച്ചെണ്ണ വിതരണം ചെയ്തു ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട്

(ബി) 1986 ജനുവരിമാസം മുതൽ.

(സി) ഉണ്ട്.

(ഡി) സിറോ കോർപ്പറേഷൻ, മുനിസിപ്പൽ എന്നീ പ്രദേശങ്ങളിലെ കാർഡുടമകൾക്ക് കാർഡൊന്നിന് രണ്ട് കിലോ ഗ്രാമും മറ്റ് പ്രദേശങ്ങളിലെ കാർഡുടമകൾക്ക് കാർഡൊന്നിന് ഒരു കിലോഗ്രാമും ആണ് മാസം തോറും വിതരണം നടത്തി വരുന്നത്.

(ഇ) കിലോഗ്രാമിന് 15 രൂപ നിരക്കിൽ.

(എഫ്) 7-3-1986 വരെ 4078 ടൺ വെളിച്ചെണ്ണ വിതരണം ചെയ്തു.

റിപ്പർ ആക്രമണങ്ങൾ

* 58. [62] ശ്രീ. കെ. ശങ്കരനാരായണ പിള്ള :
ശ്രീമതി റേച്ചൽ സണ്ണി പനവേലി :
ശ്രീ. എ. സി. ഷൺമുഖദാസ് :
,, എ. വി. താമരാക്ഷൻ :
,, എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കാസർകോട് ജില്ലകളിൽ എത്ര റിപ്പർ ആക്രമണങ്ങൾ നടന്നു ;

(ബി) ഇവയിൽ എത്രപേർ മരിച്ചു ; എത്ര പേർക്ക് പരിക്കു പറ്റി ; എത്ര സംഖ്യയുടെ കളവു നടന്നു ;

LIBRARY ARCHIVES Kerala Legislative Assembly